**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടർ(എ&റ്റി) യുടെ നടപടിക്രമം**

---

വിഷയം:- ആവഡ-ശ്രീമതി ശശികല.ഡി ലാബ്ടെക്നീഷ്യൻ ഗ്രേഡ് II, ജനറൽ ആശുപത്രി കാസറഗോഡ് - എന്നവർക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.G.O.(P) 12/96/P&ARD,Thiruvananthapuram,Dtd:16/03/1996

2..G.O.(P) 37/96/P&ARD,Thiruvananthapuram,Dtd:07/11/1996

3.ജില്ലാ മെഡിക്കൽ ഓഫീസർ കാസർഗോഡ് നിന്നും ലഭിച്ച സ്ഥലംമാറ്റ അപേക്ഷ

4.DMOH-IDK/650/2023-A4,തീയതി:19/03/2025

**ഉത്തരവ് നം:** DHS/3724/2025-EF2,**തീയതി:** 26-08-2025

---

കാസർഗോഡ് ജനറൽ ആശുപത്രിയിൽ ലാബ്ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി ശശികല.ഡി എന്നവർ ഇടുക്കിജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി നൽകിയ അപേക്ഷ പരാമർശം (3) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ കാസർഗോഡ് നിന്നും ലഭ്യമാക്കിയിരുന്നു. പരാമർശം (4) പ്രകാരം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീമതി.ശശികല.ഡി എന്നവരുടെ അപേക്ഷ പരിഗണിച്ച് പരാമർശം 1,2 ഉത്തരവുകൾക്ക് വിധേയമായി ഇടുക്കി ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചുത്തരവാകുന്നു.

സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരിക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ ഉചിതമായ നിയമനം നൽകേണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ച ജില്ലയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ, ടി തസ്തികയിലെ സീനിയോറിറ്റി പ്രസ്തുത ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ആ തീയതിയിൽ ജില്ലയിൽ നിലവിലുള്ള ഏറ്റവും ജൂനിയറായ ലാബ്ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ പിന്നിലായിരിക്കും.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നിയമന ഉത്തരവ് ലഭ്യമായതിനുശേഷം മാത്രം ജീവനക്കാരിയെ ഓഫീസ് മേധാവി വിടുതൽ ചെയ്യേണ്ടതും വിടുതൽ തീയതി, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ

യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

DR SHINU K S
ADDITIONAL DIRECTOR OF HEALTH SERVICES

Signed by
Shinu K S
Date: 26-08-2025 13:36:56

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാരി

പകർപ്പ്:-

1.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3.ഫയൽ.കരുതൽ ഫയൽ